പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

## ബി.പി.എൽ. ലിസ്റ്റ് പരിഷ്കരിക്കുന്നതിനുള്ള നടപടി

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1471 05.12.2014 ൽ മറുപടിക്ക്

| | ചോദ്യം. | | ഉത്തരം |
|---|---|---|---|
| | ശ്രീമതി.പി. അയിഷാ പോറ്റി | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് നിലവിലുള്ള ബി.പി.എൽ. ലിസ്റ്റ് തയ്യാർ ചെയ്തത് എന്നാണ്; | (എ) | 2009 ബി.പി.എൽ. സർവ്വേ പ്രകാരം. |
| (ബി) | ബി.പി.എൽ. ലിസ്റ്റ് പരിഷ്കരിക്കുന്ന നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്; | (ബി) | 2009 ബി.പി.എൽ. സർവ്വേ പ്രകാരം പ്രസിദ്ധീകരിച്ച ബി.പി.എൽ. പട്ടികയിന്മേലുള്ള ആക്ഷേപങ്ങളും, പരാതികളും, സാമൂഹിക സാമ്പത്തിക ജാതി സെൻസസിനുശേഷം ആവശ്യമെങ്കിൽ പരിശോധിക്കാമെന്ന് 27.04.2012 ലെ സ.ഉ.(സാധാ)1205/2012/തസ്വഭവ പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത സർവ്വേ അവസാന ഘട്ടത്തിലാണ്. പ്രസിദ്ധീകരിച്ച ബി.പി.എൽ. പട്ടികയിൽ പുതുതായി കുടുംബങ്ങളെ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു. |
| (സി) | ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ട അനർഹരെ പ്രസ്തുത ലിസ്റ്റിൽ നിന്നും നീക്കം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു; എത്രപേരെ അപ്രകാരം നീക്കം ചെയ്തിട്ടുണ്ടെന്നു വിശദമാക്കുമോ? | (സി) | ദരിദ്ര കുടുംബങ്ങളുടെ പട്ടികയിലുൾപ്പെടുന്ന കുടുംബം പിന്നീടുള്ള പരിശോധനയിൽ അനർഹനാണെന്നു കാണുകയാണെങ്കിൽ അത്തരം കുടുംബങ്ങളെ കാരണം രേഖപ്പെടുത്തി ഒഴിവാക്കുന്നതിന് ഗ്രാമപഞ്ചായത്തിന്/നഗരസഭക്ക് അധികാരമുണ്ടായിരിക്കുമെന്ന് 14.01.2011 ലെ സ.ഉ.(കൈ) നം.16/2011/തസ്വഭവ പ്രകാരം (ഖണ്ഡിക 6)-ൽ വ്യവസ്ഥയുണ്ട്. നീക്കം ചെയ്യപ്പെട്ടവരുടെ വിവരം ശേഖരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ